# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/120/2018 2018 ജൂൺ 06

## പത്രക്കുറിപ്പ്

**പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. പ്രവേശന പരീക്ഷ**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. പ്രവേശന പരീക്ഷ ജൂൺ 9ന് രാവിലെ 10.30ന് കോട്ടയം നട്ടാശ്ശേരിയിലുള്ള ലീഗൽ തോട്ടിൽ വച്ച് നടക്കും. പരീക്ഷാർത്ഥികൾ അഡ്മിഷൻ കാർഡും തിരിച്ചറിയൽ രേഖയുമായി ഹാജരാകണം. അഡ്മിഷൻ കാർഡ് ലഭിച്ചിട്ടില്ലാത്തവർ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0481 - 2310165

**ദ്വിവത്സര എം.എഡ്. പ്രവേശനം**

മൂവാറ്റുപുഴ നിർമ്മല സദൻ ട്രെയിനിംഗ് കോളേജിൽ 2018- 2020 അക്കാദമിക വർഷത്തിൽ ആരംഭിക്കുന്ന ദ്വിവത്സര എം.എഡ്. (സ്പെഷ്യൽ എജ്യൂക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി) (സി.എസ്.എസ്.) പ്രോഗ്രാമിന് ജൂൺ 18 വരെ അപേക്ഷിക്കാം.

**പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തുന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് 2017 ബാച്ചിന്റെ എക്സ്റ്റേണൽ പരീക്ഷകൾ ജൂൺ 25, 26, 29 തീയതികളിൽ നടക്കും. അദ്ധ്യാപകർക്കും ജീവനക്കാർക്കും 750രൂപയും മറ്റുള്ളവർക്ക് 400 രൂപയുമാണ് പരീക്ഷാഫീസ്. കൂടാതെ കോഴ്സ് വർക്ക് പാസ് സർട്ടിഫിക്കറ്റ്/ ഗ്രേഡ് കാർഡ് ഫീസായി 100 രൂപയും സർവ്വകലാശാലാ ഇ-പോർട്ടൽ വഴി ഇ-പേയ്മെന്റായി അടയ്ക്കണം. പൂരിപ്പിച്ച അപേക്ഷകൾ പിഴയില്ലാതെ പഠനവകുപ്പിൽ ജൂൺ 14 വരെയും 50 രൂപ പിഴയോടെ 18 വരെയും സ്വീകരിക്കും.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ 2017 ഒക്ടോബർ മാസത്തിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**